27

# അന്യോന്യം കീഴ്പ്പെടൽ

## ( 5:21)

കുറെ മുൻപു, "ബൈബിൾപരമായ ഹെർമെന്യൂട്ടിക്സ്" എന്ന ഒരു കോഴ്സ് ഞാൻ പഠിപ്പിക്കയുണ്ടായി, അത് ബൈബിൾ വ്യാഖ്യാനിക്കുന്ന ശാസ്ത്രത്തിനുള്ള ആകർഷണീയമായ പേരാണ്. വിദ്യാർത്ഥികളെ ബൈബിൾ പറയുന്നതും, അത് അർത്ഥമാക്കുന്നതും, അവർക്ക് അതു എങ്ങനെ പ്രയോജനപ്പെടുന്നു എന്നും എങ്ങനെ കണ്ടുപിടിക്കാമെന്ന് പഠിപ്പിക്കുന്നു. ബൈബിളിലെ ചില ഭാഗങ്ങൾ മനസിലാക്കുവാൻ കുറച്ചു പരിശ്രമിച്ചാൽ മതിയാകും. ഉദാഹരണത്തിനു, "മോഷ്ടിക്കരുത്" എന്ന കല്പന വ്യക്തമാണ്. അതിന്റെ അർത്ഥം കണ്ടുപിടിക്കുവാൻ നമുക്ക് ഹെർമെന്യൂട്ടിക്സിലെ ഒരു കോഴ്സും ആവശ്യമില്ല.

ദൈനന്ദിന ജീവിതത്തിൽ നാമെല്ലാം വ്യാഖ്യാനം പരിശീലിക്കുന്നുണ്ട്. അതിൽ ചിലതു നിസാരമാണ്. നിർത്തുവാനുള്ള ഒരു അടയാളത്തിനു വലിയ വ്യാഖ്യാനം ആവശ്യമില്ല; ആ അടയാളം കണ്ടാൽ ഉടനെ അതിന്റെ അർത്ഥം എന്തെന്നു നമുക്ക് അറിയാം. മറ്റു സാഹചര്യങ്ങൾ നമുക്ക് അധികം ആവശ്യമായേക്കാം. ന്യൂക്ലിയർ ഫിസിക്സ് എന്ന പുസ്തകം വായിച്ചു മനസിലാക്കുവാൻ നല്ല പരിശ്രമം ആവശ്യമാണ്.

ഇപ്പോൾ നമുക്ക് 5:21 എന്ന, ഒരു വാക്യത്തെ പറ്റി ചിന്തിക്കാം. അത് ഒരാൾക്കു മനസിലാക്കുവാൻ പ്രയാസമില്ല. വെല്ലുവിളി മനസിലാക്കുന്നതിലല്ല, പിന്നെയോ ആ ഉപദേശപ്രകാരം ജീവിക്കുന്നതാണ്.

"ആത്മാവിൽ നിറയുവിൻ" എന്ന പൗലൊസിന്റെ പ്രബോധന സന്ദർഭത്തിലാണ് ആ വാക്യം കാണുന്നത്. 5:18-ൽ പൗലൊസ് പറഞ്ഞു, "വീഞ്ഞു കുടിച്ചു മത്തരാകരുത്, അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലൊ, ആത്മാവു നിറഞ്ഞവരാകുവിൻ." പിന്നീടു പൗലൊസ് ആത്മാവ് - നിറഞ്ഞ ജീവിതത്തിന്റെ ചില ഫലങ്ങൾ വിവരിക്കുന്നുണ്ട്.

ഒന്നാമത്തേതു, ആത്മാവ് - നിറഞ്ഞ ജീവിതം ആത്മിയമായ രീതിയിൽ അന്യോന്യം സംസാരിക്കുന്ന കൂട്ടായ്മയിലേക്കു നമ്മെ നയിക്കും. നാം പാട്ടു പാടുമ്പോൾ, നാം "സങ്കീർത്തനങ്ങളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിക്കുന്നു" (5:19). രണ്ടാമത്തെ ഫലത്തിൽ നാം ഹൃദയത്തിൽ കർത്താവിനു പാടുന്നതു ഉൾപ്പെടുന്നു. മൂന്നാമത്തേതു എല്ലാറ്റിനുമായും ദൈവത്തോടു സ്തോത്രം ചെയ്യുന്നതാണ് (5:20), നാലാമത്തെ ഫലം വാക്യം 21-ൽ കാണാവുന്നതാണ്. അതു നിർത്തുവാനുള്ള ഒരു അടയാളം പോലെയാണ്; അതു മനസ്സിലാക്കുവാൻ വലിയ പ്രയാസമില്ല. അതിനു മലയാളത്തിൽ അഞ്ചു വ്യക്തമായ വാക്കുകൾ ഉണ്ട്: "കർത്താവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ട് ഇരിപ്പിൻ."

## ഒരു വ്യക്തമായ കല്പന

മറ്റുള്ളവർക്കുവേണ്ടി സ്വന്തം ഇഷ്ടകളെ ഉപേക്ഷിക്കുന്നതിലേക്കു നയിക്കുന്നതാണ് ആത്മ നിറവു എന്നു പൗലൊസ് പറയുന്നു. "കീഴ്പ്പെടുക," അല്ലെങ്കിൽ "കീഴ്പ്പെടൽ" (എൻഐവി),[1] എന്നതിനുള്ള ഗ്രീക്ക് വാക്ക് യഥാർത്ഥത്തിൽ ഒരു സൈനിക പദമായിരുന്ന ഒന്നിനെയാണ് തർജ്ജിമ ചെയ്യുന്നത്. അതിന്റെ അർത്ഥം "റാങ്കിൽ താഴെ ആകുക" എന്നാണ്. ആത്മാവു - നിറഞ്ഞ ക്രിസ്ത്യാനികൾ റാങ്കിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കും. അവർ ആരും തങ്ങളുടെ വഴിക്കു തന്നെ കാര്യങ്ങൾ നടക്കണമെന്നു ശഠിക്കുകയില്ല.

അതിന്റെ അർത്ഥം എന്താണെന്നു നമുക്ക് എല്ലാവർക്കും അറിയാം. അതു പരിശീലിക്കുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ വെല്ലുവിളി; കാരണം നമ്മുടെ അവകാശങ്ങൾക്കുവേണ്ടി തലയുയർത്തി പിടിക്കുന്ന ആശയ ഗതിയുള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. മറ്റുള്ളവർ എല്ലാം എടുക്കുന്നതിനു മുൻപു എല്ലാം എടുക്കണമെന്നാണ് നമ്മോടു പറഞ്ഞിരിക്കുന്നത്.

ഞാൻ വളർന്നു വന്നത് കൃഷി സ്ഥലങ്ങളിലായിരുന്നില്ല, എന്നാൽ നിങ്ങൾ ഒരു പക്ഷെ വളർന്നതു അങ്ങനെയുള്ള സ്ഥലത്തായിരിക്കാം. നിങ്ങൾക്ക് കോഴികൾ ഉണ്ടെങ്കിൽ, കോഴിക്കൂട്ടിൽ കോഴികൾ കൊത്തുന്ന രീതി കണ്ടിരിക്കാം. മുകളിലുള്ള കോഴി അനന്തരഫലത്തെ കുറിച്ചു വിചാരപ്പെടാതെ ആരെയും കൊത്തും. അടിയിലുള്ള കോഴിക്ക് ഗൗരവമായ അനന്തരഫലം കൂടാതെ ആരെയും കൊത്തുവാൻ സാധ്യമല്ല. എല്ലാ കോഴികളും മുകളിൽ നിന്നു താഴെ വരെ അവ കൊത്തുന്നരീതിയനുസരിച്ചാണ് നിരത്തി ഇട്ടിരിക്കുന്നത്. ആ രണ്ടു നിരയിലുള്ള കോഴികൾക്കു മദ്ധ്യേ ധാന്യങ്ങൾ ഇട്ടാൽ, കൊത്തുന്ന കഴിവു കൂടുതൽ ഉള്ള കോഴിക്ക് അതു ആദ്യം കിട്ടും. മറ്റൊരു കോഴി അതു തിന്നുവാൻ ശ്രമിച്ചാൽ, അങ്കം നടക്കും. ആക്രമണം കഴിഞ്ഞാൽ, ജയിക്കുന്ന കോഴി ഒന്നുകിൽ തന്റെ സ്ഥാനത്തു തുടരും അല്ലെങ്കിൽ മാറും.

കോഴിക്കൂട്ടിലെ കോഴികൾക്കിടയിൽ സംഭവിക്കുന്നതു മനുഷ്യർ ക്കിടയിൽ ഓരോ ദിവസവും സംഭവിക്കുന്നുണ്ട്. ലോക ചാമ്പ്യനായ ഡള്ളാസ് കൗബോയ്സ് ഫുട്ബോൾ ടീമിന് ഒരു പുതിയ കോച്ചിനെ കിട്ടിയതു ഞാൻ ഓർക്കുന്നു. പരിശീലന ക്യാമ്പിൽ അസിസ്റ്റന്റ് കോച്ചുമാർ സ്ഥാനത്തിനു വേണ്ടി വഞ്ചനയാൽ പലതും ചെയ്യിക്കാറുണ്ട്, അത് ആരായിരിക്കും മുകളിലെത്തുക എന്നു നോക്കുവാൻ വേണ്ടിയാണ്. അതു ജോലി സ്ഥലത്ത് എപ്പോഴും നടക്കും, സ്കൂളിലും അതു നമുക്കു കാണാം - ആളുകൾ സ്ഥാനക്കയറ്റത്തിനു തള്ളിക്കൊണ്ടിരിക്കും അങ്ങനെ അവർക്കു പലപ്പോഴും അവരുടേതായ രീതിയിൽ മുമ്പോട്ടു പോകാം.

ക്രിസ്ത്യാനികൾ അത്തരത്തിൽ ജീവിക്കരുതെന്ന നിർദ്ദേശമാണ് പൗലൊസ് നല്കുന്നതു. നാം ആഗ്രഹിക്കുന്ന രീതിയിലേക്കു കാര്യങ്ങൾ ശരിയായിവരുവാൻ നാം ശഠിക്കരുത്. ക്രിസ്ത്യാനികൾ അത്തരം കളി കളിക്കുകയില്ല. യേശുവിന്റെ രണ്ടു ശിഷ്യന്മാർ ആ രീതിയിലാകുവാൻ ഒരിക്കൽ ആഗ്രഹിച്ചു:

സെബെദിയുടെ മക്കളായ, യാക്കൊബും യോഹന്നാനും, അവന്റെ

> അടുക്കൽ വന്നു, അവനോടു, "ഗുരോ, ഞങ്ങൾ നിന്നോടു യാചിപ്പാൻ പോകുന്നതു ഞങ്ങൾക്കു ചെയ്തു തരുവാൻ അപേക്ഷിക്കുന്നു" എന്നു പറഞ്ഞു. അവൻ അവരോടു, "ഞാൻ നിങ്ങൾക്കു എന്തു ചെയ്തു തരുവാൻ ആഗ്രഹിക്കുന്നു?" എന്നു ചോദിച്ചു. "നിന്റെ മഹത്വത്തിൽ, ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും, ഒരുത്തൻ ഇടത്തും ഇരിക്കുവാൻ വരം നല്കേണം" എന്നു, അവർ പറഞ്ഞു (മർക്കൊസ് 10:35-37).

യാക്കോബിനും യോഹന്നാനും എല്ലാവർക്കും മുകളിൽ എത്തണമെന്നായിരുന്നു ആഗ്രഹം. അവർ വരാൻ പോകുന്ന രാജ്യത്തിനും മുകളിൽ ആകണമെന്നാഗ്രഹിച്ചു. അവർക്കു കിട്ടാവുന്നതെല്ലാം അവർ നേടുവാൻ ആഗ്രഹിച്ചു. ജീവിതത്തോടു ഒരു പുതിയ സമീപനം യേശു അവർക്ക് കാണിക്കണമായിരുന്നു:

> ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുതു, നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു (മർക്കൊസ് 10:42-45).

യേശു അവരോടു, "അതു ദൈവരാജ്യത്തിൽ നടക്കുകയില്ല. മുൻപു അങ്ങനെയായിരുന്നു, എന്നാൽ രാജ്യം വ്യത്യസ്തമാണ്. രാജ്യത്തിൽ, വാങ്ങുന്നതു കൊടുക്കുന്നതിനേക്കാൾ പ്രാധാന്യം ഉള്ളതല്ല."

ആത്മാവു - നിറഞ്ഞവർ കാര്യങ്ങൾ തങ്ങളുടെ വഴിക്കു വരണം എന്നു ശഠിക്കുകയില്ല. അവർ മറ്റുള്ളവർക്കായി പ്രഥമസ്ഥാനം നീക്കിവെക്കും. അവർ "അന്യോന്യം കീഴ്പ്പെട്ടിരിക്കും."

5:21 വീണ്ടും വായിക്കുക. അന്യോന്യം കീഴ്പ്പെടേണ്ടതിനുള്ള വ്യക്തമായ ഉദ്ദേശ്യം ശ്രദ്ധിക്കുക: "ക്രിസ്തുവിന്റെ ഭയത്തിൽ." അക്ഷരികമായി, അതു പറയുന്നതു "ക്രിസ്തുവിനുവേണ്ടി ഭയത്തിനപ്പുറമാകുക." "ഭയം" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കാണ് *ഫോബോസ്*. അതിൽ നിന്നാണ് "ഫോബിയ" എന്ന ഇംഗ്ലീഷ് വാക്ക് നമുക്കു കിട്ടിയത്. "ബഹുമാനം" എന്ന വാക്കിനേക്കാൾ കൂടുതൽ ഘനമുള്ള വാക്കാണ് ഭയം. ശലോമോൻ പറഞ്ഞു, "ദൈവത്തെ ഭയന്നു അവന്റെ കല്പനകൾ പ്രമാണിക്ക, അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്" (സഭാപ്രസംഗി 12:13). ദൈവത്തെ ഭയപ്പെടുക എന്നാൽ *ദൈവത്തെ ഗൗരവമായി കാണുക* എന്നാണ്. ദൈവം ആരാണെന്നും നാം ആരാണെന്നും പരിഗണിക്കുമ്പോൾ, അതു നമ്മെ മുട്ടിന്മേൽ നില്ക്കുവാനിടയാക്കും. അതാണ് ദൈവത്തെ ഗൗരവമായി പരിഗണിക്കുക എന്നു പറഞ്ഞാൽ. പൗലൊസ് നമ്മോടു പ്രധാനമായി പറഞ്ഞത്, "നിങ്ങൾ ക്രിസ്തുവിനെ ഗൗരവമായി കണ്ടാൽ നിങ്ങൾ അന്യോന്യം കീഴ്പ്പെട്ടിരിക്കും" എന്നാണ്.

മറ്റുള്ളവരോടുള്ള നമ്മുടെ എല്ലാ ബന്ധങ്ങളിലും, അന്യോന്യം ഉള്ള

കീഴ്പ്പെടൽ ആവശ്യമാണ്. നിങ്ങളുടെ വീട്ടിൽ നിങ്ങൾ ഒരു ദാസനാണോ? ജോലി സ്ഥലത്തെയോ സ്കൂളിലെയോ ആളുകൾ നിങ്ങളെ കുറിച്ചു ചിന്തിക്കുന്നത് മറ്റുള്ളവരിൽ നിന്നു ലഭിക്കണം എന്നതിനേക്കാൾ മറ്റുള്ളവർക്കു കൊടുക്കുന്നതിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരാളായിട്ടാണോ? പ്രാദേശിക സഭയിലോ? നിങ്ങൾ അതിലായിരിക്കുന്നതു എന്തെങ്കിലും കിട്ടുമെന്ന ചിന്തയിലാണോ? നിങ്ങൾ നിങ്ങളുടെ സഹോദരന്മാരുടേയും സഹോദരിമാരുടേയും ആവശ്യങ്ങളും, കരുതലും, വികാരങ്ങളും പരിഗണിക്കാറുണ്ടോ?

അന്യോന്യമുള്ള കീഴ്പ്പെടലിന്റെ പരിശീലന കേന്ദ്രമാണ് സഭ. എല്ലാ തലങ്ങളിലുമുള്ള ആളുകളെ ദൈവം സഭയിൽ ഒന്നിച്ചുകൊണ്ടുവരുന്നു. നാം അന്യോന്യം കീഴ്പ്പെടുവാനും, ബഹുമാനിക്കുവാനും, ആദരിക്കുവാനും ശീലിക്കുന്നു. “എന്റെ ഇഷ്ടപ്രകാരം കാര്യങ്ങൾ നടന്നില്ലെങ്കിൽ ഞാൻ സന്തോഷിക്കുകയില്ല” എന്ന രീതിയിലുള്ള മനോഭാവം ആണ് സഭയിലേക്കു നാം കൊണ്ടുവരുന്ന ഏറ്റവും മോശമായ സമീപനം. അതു ലോകത്തിന്റെ മനോഭാവത്തെയാണ് സ്വീകരിക്കുന്നത്, അല്ലാതെ ക്രിസ്തുവിന്റെ മനോഭാവത്തെ അല്ല.

### ഒരു വ്യക്തിപരമായ വ്യാഖ്യാനം

5:21–ന്റെ ഏറ്റവും നല്ല വ്യാഖ്യാനം ഫിലിപ്പിയർ 2–ൽ കാണാം. എഫെസ്യർക്ക് ലേഖനം എഴുതിയ ഉടനെ ആയിരിക്കണം പൗലൊസ് ഫിലിപ്പിയ ലേഖനം എഴുതിയത്. പ്രാരംഭ ക്രിസ്ത്യാനികൾ നമ്മെപോലെ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്ന മനോഭാവം ഉള്ളവരായിരിക്കുന്നതിലും, അന്യോന്യമുള്ള ബന്ധം സൂക്ഷിക്കുന്നതിലും, മറ്റുള്ളവരുമായി ഒത്തുപോകുന്നതിലും വിഷമിച്ചിരുന്നു എന്നത് സ്പഷ്ടമാണ്. പൗലൊസ് എഴുതി,

> ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ, താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ; ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കിക്കൊള്ളേണം (ഫിലിപ്പിയർ 2:3, 4).

അന്യോന്യം കീഴ്പ്പെടുന്ന ആശയത്തെ വിവരിക്കുന്നതാണ് അത്. ഇപ്പോൾ, കീഴ്പ്പെടലിന്റെ പിന്നിലുള്ള ഉദ്ദേശം ശ്രദ്ധിക്കുക. അതു ക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്.

> ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ, നിങ്ങളിലും ഉണ്ടായിരിക്കട്ടെ, അവൻ, ദൈവരൂപത്തിലിരിക്കെ, ദൈവത്തോടുള്ള സമത്വം, മുറുകെ പിടിച്ചുകൊള്ളേണം, എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തിലായി. തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു, ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം നല്കി, അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ, സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും, എല്ലാ നാവും യേശു

ക്രിസ്തു കർത്താവു, എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി, ഏറ്റു പറകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:5-11).

താഴ്മയോടൊപ്പമാണ് അന്യോന്യം ഉള്ള കീഴ്പ്പെടൽ ഉണ്ടാകുന്നത്. എന്താണ് താഴ്മ എന്നു യേശു കാണിക്കയുണ്ടായി. അതു ആത്മാവ് - നിറഞ്ഞ ജീവിതത്തിന്റെ അടയാളം ആണ്. താഴ്മ കൂടാതെ ആളുകളുമായുള്ള നമ്മുടെ ബന്ധം ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ഒരിക്കലും ആകുവാൻ സാധ്യമല്ല. അതു നമ്മെ ശരിയായ വഴിയിൽ സഞ്ചരിക്കുവാൻ സഹായിക്കുന്നു. അടച്ചു - വെക്കുന്ന മനസ്സും തെളിവില്ലാതെ ഉറപ്പിച്ചു പറയുന്നതുമായ അവസ്ഥയിൽ നിന്നു നമ്മെ അതു സൂക്ഷിക്കുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ പെട്ടെന്നു മനസിലാക്കുവാൻ താഴ്മ നമ്മെ സഹായിക്കുന്നു. നമ്മെ സ്വന്ത - വഴികളിൽ ഊന്നുന്നതിൽ നിന്നു വിടുവിച്ചു നാം മറ്റുള്ളവരുടെ തെറ്റുകളെ സഹിച്ചു പൊറുക്കുവാൻ അതു സഹായിക്കുന്നു. അന്യോന്യം പ്രതിരോധിക്കാതെ അടുക്കുന്നതിലേക്ക് താഴ്മ നമ്മെ പ്രാപ്തമാക്കുന്നു.

മറ്റുള്ളവരിൽ കാണുന്ന ഓരോ തെറ്റും അന്വേഷിക്കുന്നതിനു പകരം നാം അവരെ കൃപാ മനോഭാവത്തോടെ നോക്കുവാൻ അതു ഇടയാക്കുന്നു. സ്ഥാനമാനങ്ങൾക്കായുള്ള പൊട്ടച്ചൊൽ, പരദൂഷണം, ഊഹം, എന്നിവയിൽ നിന്നു നമ്മെ മാറ്റി നിർത്തി മറ്റുള്ളവരിൽ ഏറ്റവും നല്ലതു പ്രതീക്ഷിക്കുവാൻ താഴ്മ പ്രേരിപ്പിക്കുന്നു. ക്രിസ്തുവിനെ ആദരിക്കുന്നതിൽ അന്യോന്യം കീഴ്പ്പെടുന്നതാണ് താഴ്മ.

നമ്മുടെ വീട്ടിൽ നാം താഴ്മ കാണിക്കണം, ആളുകളോടു ഓരോ ദിവസവും ഇടപെടുമ്പോഴും, സഭയിലും നാം താഴ്മ ഉള്ളവരാകണം.

**പ്രായോഗികമായ ഒരു പരിഗണന**

"ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ" (5:21). അതു വ്യക്തമാണെന്നു തോന്നും, അല്ലേ? അതു പ്രായോഗികമാക്കുന്നതിനേക്കാൾ മനസ്സിലാക്കുവാൻ എളുപ്പമാണ്. ഇങ്ങനെ ഓരോ ദിവസവും ജീവിക്കുന്നതിനു സഹായകമായ മൂന്നു ആശയങ്ങൾ നമുക്കു പരിഗണിക്കാം.

1. *നിങ്ങളുടെ വഴിക്കു വരണമെന്ന ഇഛയെ വിളിക്കേണ്ടത് - അത് യേശുവിന്റെ ഉപദേശങ്ങൾക്കെതിരായ മാനസിക പ്രതിഭാസമെന്നാണ്.* ഒരു കാര്യം വാസ്തവത്തിൽ എന്താണെന്നു അറിയുന്നതുവരെ നാം നമ്മുടെ വഴിയിൽ കാര്യങ്ങളെ തള്ളിക്കൊണ്ടിരിക്കും.

2. *ഏതൊരു ബന്ധത്തിലേക്കും വരുമ്പോൾ ഒരു ചോദ്യം ചോദിക്കുക: "ആ വ്യക്തിക്കു ഞാൻ മുഖാന്തരം എന്തു കൊടുക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്?"*

3. *ദിവസേനയുള്ള പ്രാർത്ഥനയിൽ ഈ ആവശ്യം സമർപ്പിച്ചുകൊണ്ട് കർത്താവിന്റെ സന്നിധിയിൽ വരണം: "നീ ആഗ്രഹിക്കുന്നതു പോലെ ഞാൻ മറ്റുള്ളവരോടു കീഴ്പ്പെടാതിരിക്കുന്നത് എവിടെ എന്ന് എന്നെ ബോധ്യപ്പെടുത്തി തരേണമേ."* മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ എവിടെയാണ് മാറ്റം വരുത്തേണ്ടത് എന്നു കാണിച്ചു തരുവാൻ യേശുവിനെ അനുവദിക്കുക.

**ഉപസംഹാരം**

നമുക്കു ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ബന്ധമാണ് ദൈവവുമായുള്ളത്. നാം ദൈവത്തെ ഭയന്നു അവന്റെ കല്പനകളെ പ്രമാണിക്കണം. ദൈവം യേശുവിനെ കുറിച്ചു പറഞ്ഞത്, "ഇവൻ എന്റെ പ്രിയ പുത്രൻ; ഇവന്നു ചെവി കൊടുപ്പിൻ" എന്നാണ്. നാം അവനെ കേൾക്കുവാനും അനുസരിക്കുവാനും യേശു ആഗ്രഹിക്കുന്നു. യേശുവുമായുള്ള നമ്മുടെ ബന്ധം ശരിയാകാതെ നമ്മുടെ ജീവിതത്തിലെ മറ്റു ബന്ധങ്ങൾ ശരിയാവുകയില്ല.

നിങ്ങളുടെ ജീവിതം യേശുവിന്നു സമർപ്പിക്കുക. അവൻ നമുക്കു പാപമോചനവും ജീവിതത്തിൽ ഒരു പുതിയ ആരംഭവും നല്കും. അവനെ കേൾക്കുകയും അനുസരിക്കുകയും ചെയ്ക. യേശു പറഞ്ഞു, "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:15, 16). നിങ്ങൾ അവന്റെ കല്പനക്കു കീഴ്പ്പെട്ടിട്ടുണ്ടോ?

ഒരു ക്രിസ്ത്യാനി എന്ന രീതിയിൽ, വാക്യം 21 വായിച്ചാൽ ക്രിസ്തുവിനുവേണ്ടി നിങ്ങൾ ആദരവു കാണിച്ചിട്ടില്ല എന്നു ബോധ്യപ്പെട്ടേക്കാം. ഒരുപക്ഷെ പണ്ട് നിങ്ങൾ മറ്റുള്ളവരെ കുറിച്ചു കരുതാതെ കാര്യങ്ങൾ നിങ്ങളുടെ വഴിക്ക് വരണം എന്നു ശഠിച്ചവർ ആകാം. അത് ഒരു പോരാട്ടമാണ്. നാമെല്ലാവരും സ്വാർത്ഥതയാൽ വിഷമിക്കുന്നവരാണ്. നിങ്ങളുടെ വ്യക്തിപരമായ വിഷമങ്ങളിൽ നിങ്ങൾക്കു ശക്തിയേകാൻ കർത്താവിനോടു പ്രാർത്ഥനയിൽ അപേക്ഷിക്കുക. "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ." ആളുകൾ ആത്മാവു - നിറഞ്ഞവരാകുമ്പോൾ അതു സംഭവിക്കുന്നു.

---

കുറിപ്പു

[1]*ഹുപോറ്റസോ* എന്നാണ് ഗ്രീക്ക് വാക്ക്. അതിന്റെ സൈനിക പ്രയോഗത്തിൽ അത് സൂചിപ്പിക്കുന്നത് ഉയർന്ന ഉദ്യോഗസ്ഥനു കീഴ്പ്പെടുന്ന തിനെയാണ്. ദാസന്മാരോടും അവരുടെ യജമാനന്മാരോടും അതു പ്രയോഗിക്കുന്നുണ്ട്. അതിൽ ഒരാളുടെ സ്വന്തം അവകാശം അല്ലെങ്കിൽ ഇഷ്ടം വിട്ടു കളയുന്നതും ഉൾപ്പെടുന്നതാണ്.